# ചെറുകിട സൂക്ഷ്മ സംരംഭങ്ങൾക്കായി മൂന്നു പുതിയ പദ്ധതികൾക്ക് ഭരണാനുമതി

**എം. അബ്ദുൽ മജീദ്**

ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയക്ടറേറ്റ് തയ്യാറാക്കിയ മൂന്നു പുതിയ പദ്ധതികൾക്ക് കേരള സർക്കാർ ഭരണാനുമതി നല്കി.

സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് സഹായം നല്കുന്നതിനുള്ളതാണ് ഒരു പദ്ധതി. 5 ലക്ഷം രൂപ വരെ പദ്ധതിച്ചെലവു വരുന്ന സംരംഭങ്ങൾക്കാണ് സഹായം ലഭിക്കുക. 18നും 45നും ഇടയിൽ പ്രായമുള്ള പത്താതരം വരെ പഠിച്ചവർക്കാണ് അർഹത. സാങ്കേതികയോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും. പദ്ധതിച്ചെലവിന്റെ 70 ശതമാനം ബാങ്ക് വായ്പയും 20 ശതമാനം (പരമാവധി 1 ലക്ഷം രൂപ) മാർജിൻ മണി ഗ്രാന്റായും ലഭിക്കും. 10 ശതമാനം ഗുണഭോക്തൃവിഹിതമാണ്. ബ്ലോക്കുകളിലെ/മുനിസിപ്പാലിറ്റികളിലെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറാണ് അപേക്ഷകരെ കണ്ടെത്തേണ്ടത്. താലൂക്ക് വ്യവസായ ഓഫീസിലാണ് അപേക്ഷ നല്കേണ്ടത്. പരിശോധനയ്ക്കുശേഷം താലൂക്ക് വ്യവസായ ഓഫീസർ ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്തയക്കണം. പ്രോജക്ടുകളുടെ പരിശോധനയ്ക്കു ശേഷം ജില്ലാതല ടാസ്ക് ഫോഴ്സ് മുമ്പാകെ സമർപ്പിക്കേണ്ട ഉത്തരവാദിത്തം ജനറൽ മാനേജർക്കാണ്. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകൾ ബാങ്കുകൾക്ക് ശുപാർശ ചെയ്തിരിക്കണം. ബാങ്ക് വായ്പ അനുവദിക്കുന്ന സംരംഭകർക്ക് ഒരു ദിവസത്തെ പരിശീലനം നല്കും. വായ്പ അനുവദിച്ചുകഴിഞ്ഞാൽ പദ്ധതിത്തുകയുടെ 20 ശതമാനം മാർജിൻ മണി ഗ്രാന്റായി നല്കും. ബാങ്കുവായ്പ റിലീസ് ചെയ്യുന്നതിന് ആനുപാതികമായിട്ടേ മാർജിൻമണി സംരംഭകനു നല്കാവൂ. യൂണിറ്റുകൾ 3 വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം. അല്ലാത്ത പക്ഷം 14 ശതമാനം പലിശ സഹിതം ഗ്രാന്റ് തുക തിരിച്ചടയ്ക്കണം.

നടപ്പു സാമ്പത്തികവർഷം സംസ്ഥാനത്ത് 150 സംരംഭങ്ങളാണ് ഈ പദ്ധതി പ്രകാരം തുടങ്ങുക.

സി.ജി.ടി.എം.എസ്.എം.ഇ ഗ്യാരണ്ടി റീഇംബേഴ്സ് ചെയ്യാൻ സ്കീം.

ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് ട്രസ്റ്റ് ഫോർ എം.എസ്.എം.ഇ (സി.ജി.ടി.എം.എസ്.എം.ഇ)യുടെ ഗ്യാരണ്ടിയോടു കൂടി കൊളാറ്ററൽ ഫ്രീ വായ്പ വാങ്ങുന്നതിനു സംരംഭകരെ സഹായിക്കാനുള്ളതാണ് ഗവൺമെന്റ് ഭരണാനുമതി നല്കിയ മറ്റൊരു പുതയ സ്കീം. കൊളാറ്ററൽ സെക്യൂരിറ്റിയില്ലാതെ ഒരു കോടി രൂപവരെ വായ്പ നല്കാൻ സി.ജി.ടി.എം.എസ്.എം.ഇയുടെ പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്. എന്നാൽ ഇതിന് ഗ്യാരണ്ടിഫ്രീയായി പദ്ധതിത്തുകയുടെ 1.5 ശതമാനവും വാർഷിക ഗ്യാരണ്ടി ഫ്രീയായി 0.75 ശതമാനവും നല്കേണ്ടതാണ്. 5 ലക്ഷം വരെയുള്ള വായ്പയ്ക്ക് ഇത് യഥാക്രമം ഒരു ശതമാനവും 0.50 ശതമാനവുമാണ്. ഈ ഫീ നല്കുന്നത് മൂലമുള്ള അമിതബാദ്ധ്യത ഭയന്ന് പലരും ഈ സ്കീമിൽ വായ്പയെടുക്കാൻ മടിക്കുന്നു. സി.ജി.ടി.എം.എസ്.എം.ഇയുടെ ഗുണഫലങ്ങൾ സംരംഭകർക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യം ഇതുമൂലമുണ്ടാകുന്നു. ഈ പ്രശ്നം മറി

കടക്കാനാണ് സർക്കാർ പുതിയ പദ്ധതിക്ക് അനുമതി നല്കിയിരിക്കുന്നത്. ഈ സ്കീം പ്രകാരം ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് ട്രസ്റ്റിന്റെ ഗ്യാരണ്ടി ലഭിക്കുന്നതിന് സംരംഭകൻ നല്കുന്ന ഗ്യാരണ്ടി ഫീ അവർക്ക് റീം ഇംബേഴ്സ് ചെയ്ത് ലഭിക്കും. ആദ്യഗഡു റിലീസ് ചെയ്തതിനു ശേഷം ബന്ധപ്പെട്ട ബാങ്ക് ബ്രാഞ്ച് മുഖേന ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കാണ് അപേക്ഷ നല്കേണ്ടത്. 01/04/2011ന് ശേഷം നല്കിയ വായ്പകൾക്കാണ് ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുക. തുക അനുവദിക്കുന്നതിനുള്ള അധികാരം ജില്ലാവ്യവസായകേന്ദ്രം ജനറൽമാനേജർക്കാണ്.

അച്ചാറുകൾ, ജാം, ജ്യൂസ്, സ്ക്വാഷ്, ജെല്ലി എന്നിവ നിർമ്മിച്ചു വില്പന നടത്തുന്ന ചെറുകിട സൂക്ഷ്മ സംരംഭങ്ങളെ സഹായിക്കാനുള്ളതാണ് മൂന്നാമത്തെ സ്കീം. 12.5 ശതമാനം ഔട്ട്പുട്ട് വാറ്റ് നല്കിയ വില്പനയ്ക്കാണ് ആനുകൂല്യം. വില്പനയുടെ 5 ശതമാനം സബ്സിഡിയായി ലഭിക്കും. 01/04/2010നു ശേഷം നടത്തിയ വില്പനയ്ക്കാണ് ആനുകൂല്യം നല്കുക. 2010-11 വർഷം നടത്തിയ വില്പനയുടെ അടിസ്ഥാനത്തിലുള്ള ആനുകൂല്യത്തിന് ഇപ്പോൾ അപേക്ഷിക്കാം. കേരളത്തിൽ നിർമ്മിച്ചു കേരളത്തിൽത്തന്നെ നടത്തിയ വില്പനക്കാണ് ആനുകൂല്യം. സെപ്തംബർ 30ന് മുമ്പ് അപേക്ഷ നല്കണം. അപേക്ഷാഫോറത്തിന്റെ മാതൃകയും പദ്ധതിയുടെ വിശദാംശങ്ങളും www.keralaindustry.org എന്ന വെബ് സൈറ്റിൽ ലഭിക്കും.